# ശ്രുതി സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക്
# ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

## സ്വകാര്യ ഗായകസംഘങ്ങളുടെ
## 2023-2026 ലെ രജിസ്ട്രേഷൻ സംബന്ധിച്ച്

1. ഗായകസംഘാംഗങ്ങൾ നിർബന്ധമായും ഓർത്തഡോക്സ് സഭാ അംഗങ്ങൾ ആയിരിക്കണം. നിലവിൽ സഭാംഗമല്ലാത്ത വ്യക്തികളുണ്ടെങ്കിൽ അവരെ ഒഴിവാക്കി പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുവാൻ സാധിക്കും. ഒഴിവാക്കിയില്ലയെങ്കിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല.

2. മൂന്ന് വർഷത്തേക്കാണ് രജിസ്ട്രേഷൻ നൽകുന്നത്. 2023 നവംവർ 1 മുതൽ 2026 ഒക്ടോബർ 31 വരെയായിരിക്കും രജിസ്ട്രേഷൻ കാലാവധി. സെപ്റ്റംബർ 20 മുതൽ ഒക്ടോബർ 15 വരെ ആയിരിക്കും ഈ വർഷത്തെ രജിസ്ട്രേഷൻ നടത്തുവാനുള്ള അവസരം. പുതിയ സ്വകാര്യ ഗായക സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 5000 രൂപയായിരിക്കും. നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് ഫീസ് 4000 രൂപയായിരിക്കും. കൂടാതെ മുൻ വർഷത്തെപ്പോലെ തന്നെ ഒരംഗത്തിന് 100 രൂപ കൂടി അടയ്ക്കേണ്ടതാണ്.

3. ഒരു ഗായകസംഘത്തിൽ 4 പേരിൽ കുറയാതെയും 7 പേരിൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ ഗായകസംഘത്തിലും 2 പേരിൽ കുറയാതെ Male Voice ഉണ്ടായിരിക്കേണ്ടതുമാണ്. കീബോർഡ് വായിക്കുന്ന സഭാ അംഗങ്ങൾക്ക് ശുശ്രൂഷയിൽ പാടാനുള്ള അനുമതിയുണ്ട്. എന്നാൽ സഭാംഗമല്ലാത്ത കീബോർഡ് വായിക്കുന്ന വ്യക്തിക്ക് ദേവാലയത്തിലോ ശുശ്രൂഷാവേളയിലോ അതിന് മുമ്പോ ശേഷമോ ഗായകസംഘത്തോട് ചേർന്നു നിന്ന് പാടാനുള്ള അനുവാദം ഉണ്ടായിരിക്കുകയില്ല.

4 .ഗായകസംഘങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ, ആധാർ കാർഡ് പാസ്സ്പോർട്ട് സൈസ് ഫോട്ടോ, വികാരിയുടെ ഒപ്പ്, ഇടവകയുടെ മുദ്ര എന്നിവ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതോടൊപ്പം ഓൺലൈനായി രജിസ്ട്രേഷൻ പൂർത്തീകരിച്ച ശേഷം രജിസ്ട്രേഷൻ ഫോം, (ഇടവക വികാരി സാക്ഷ്യപ്പെടുത്തിയത്) ആധാർ കാർഡിന്റെ കോപ്പി, പാസ്സ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഐഡന്റിറ്റി കാർഡും സർട്ടിഫിക്കേറ്റും കൈപറ്റുന്ന സമയത്ത് നിർബന്ധമായി നൽകേണ്ടതുമാണ്.